# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin

SANTHOME MESSENGER
Vol: 42 / Issue: 3 / July 2016

## EDITORIAL BOARD

**Printed & Published by**

**Rev. Dr. Thomas Kallukalam CMI**
Vicar, St. Thomas Forane Church
Mob : 7829792320

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Prof. P. G. Sebastian
Dr. Bino Kalarikkal
Mr. Sherin Devassy
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com




www.stthomasforanechurch.org
stthomasforanechurch@gmail.com

## അകത്താളം


| | |
|---|---|
| ഇടയ സന്ദേശം | 2 |
| Shepherd's Message | 3 |
| Musings from the Editor | 4 |
| ട്രസ്റ്റിമാർ സംസാരിക്കുന്നു | 5 |
| മാർ തോമ നസ്രാണികളുടെ വിശ്വാസ പാരമ്പര്യങ്ങൾ | 8 |
| Challenges to Catholic Faith Formation Toady | 9 |
| വി. അൽഫോൻസാമ്മയും വിശ്വാസ ജീവിതവും | 11 |
| *Amoris Laetitia* | 12 |
| ഇടവകയിലെ സന്യാസസമൂഹങ്ങൾ | 13 |
| A Sneak Peek into the Parish Activities | 14 |
| ഇടവക വാർത്തകൾ | 18 |
| ബൈബിൾ ക്വിസ്സ് | 23 |




സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 2016 ജൂലൈ 15-ന് മുമ്പായി ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

Email : stthomasforanechurch@gmail.com
Mob : 9916190495

# ഇടയനാദം



ഈശോമിശിഹായിൽ പ്രിയപ്പെട്ടവരെ,

ദൈവം നമുക്കു തന്നിരിക്കുന്ന ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ് നമ്മുടെ ശരീരം. നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ശരീരത്തിൽ ദൈവാത്മാവ് വസിക്കുന്നു. ശരീരം ദൈവത്തിന്റെ ആലയമാണ്. അതുകൊണ്ട് നമ്മുടെ ശരീരത്തെയും മറ്റുള്ളവരുടെ ശരീരത്തെയും ശരിയായ രീതിയിൽ ബഹുമാനിക്കുകയും ആദരിക്കുകയും വേണം. നമ്മുടെ ശരീരത്തിലൂടെ വെളിപ്പെടുന്ന ലൈംഗികത ഇന്ന് ഏറെ തെറ്റിദ്ധാരണകളും അപഭ്രംശങ്ങളും നേരിടുന്ന ഒന്നായി മാറിയിരിക്കുന്നു. ദൈവം ഓരോ വ്യക്തിയിലും നിക്ഷേപിച്ചിരിക്കുന്ന ഈ വലിയ അനുഗ്രഹത്തെ ശരിയായി മനസ്സിലാക്കുവാനും, യോജ്യമായ മനോഭാവങ്ങൾ രൂപപ്പെടുത്തി എടുക്കുവാനും നമ്മുടെ മക്കളെ പരിശീലിപ്പിക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ നിങ്ങളുടെ എല്ലാവരുടെയും പ്രത്യേകം പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1) സ്വന്തം മാതാപിതാക്കന്മാരിൽ നിന്ന് ലഭിക്കുന്ന ലൈംഗിക അറിവാണ് മറ്റ് ഏത് അറിവിനേക്കാൾ കുട്ടികൾക്ക് ഉപകാരപ്രദവും സ്വാധീനവും ഉണ്ടാക്കുന്നത്.

2) പ്രായത്തിനനുസരിച്ച് സ്വലിംഗത്തിൽപ്പെട്ടവരുടെയും എതിർലിംഗത്തിൽപ്പെട്ടവരുടെയും പ്രത്യേകതകൾ പറഞ്ഞു കൊടുത്ത് അവരെ ബഹുമാനിക്കുവാൻ പഠിപ്പിക്കണം.

3) കൗമാരപ്രായത്തിലേക്ക് കടക്കുമ്പോൾ (10–11) തന്നെ കുട്ടികൾക്ക് ലൈംഗികവിദ്യാഭ്യാസം കിട്ടിയെന്ന് ഉറപ്പ് വരുത്തണം. നല്ല പുസ്തകങ്ങൾ, കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനങ്ങൾ, സെമിനാറുകൾ ഇവ ലഭ്യമാക്കുക. ആൺ കുട്ടികൾക്ക് പിതാവും, പെൺകുട്ടികൾക്ക് മാതാവും കൂട്ടുകാരാകണം. അമ്മമാർ പെൺകുട്ടികളോട് ശാരീരിക പ്രത്യേകതകളെപ്പറ്റി (ഉദാ. ആർത്തവം) തുറന്നു സംസാരിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

4) ഇന്നു നമ്മുടെ കുട്ടികൾ ലൈംഗികചൂഷണത്തിനു ഇരയാകാൻ വളരെയധികം സാധ്യതകളുണ്ട്. അതിനാൽ ചില കാര്യങ്ങൾ അവർക്കു പറഞ്ഞു കൊടുക്കണം.

   i) ചില ശരീരഭാഗങ്ങൾ Private ആണെന്നു പഠിപ്പിക്കണം.

   ii) നല്ല ഉദ്ദേശത്തോടെയുള്ള സ്പർശനവും (Good Touch) തെറ്റായ ഉദ്ദേശത്തോടെയുള്ള സ്പർശനവും (Bad Touch) തമ്മിലുള്ള വ്യത്യാസം പറഞ്ഞു കൊടുക്കണം.

   iii) 'ഏതെങ്കിലും മുതിർന്നവർ നിന്നോട് ആരോടും മിണ്ടരുത് എന്നു പറഞ്ഞ് എന്തെങ്കിലും ചെയ്യുകയോ, ചെയ്യാൻ ആവശ്യപ്പെടുകയോ ചെയ്താൽ അത് എന്നെ അറിയിക്കണം ഞാൻ ഒരിക്കലും ദേഷ്യപ്പെടുകയില്ല' എന്നു പറഞ്ഞ് മക്കളെ വളർത്തണം.

   iv) മറ്റുള്ളവരുടെയും എതിർലിംഗത്തിൽപ്പെട്ടവരുടെയും സ്വകാര്യഭാഗങ്ങളെ ബഹുമാനിക്കുവാൻ പഠിക്കണം.

   v) കുട്ടിയും അടുത്ത ബന്ധുക്കളും തനിയെ ആകുന്ന സാഹചര്യം പരമാവധി ഒഴിവാക്കുക.

5) 'നോ' പറയാൻ പല കാര്യങ്ങളിലും കുട്ടിയെ ശീലിപ്പിക്കാം.

6) മാതാപിതാക്കളോട് കുട്ടികൾക്ക് എന്തും തുറന്നു പറയാനുള്ള സ്വാതന്ത്യം നല്കുക.

7) ശരീരത്തിന്റെ നഗ്നത പ്രദർശിപ്പിക്കുന്ന വസ്ത്രങ്ങൾ കുട്ടികളെ ധരിപ്പിക്കുന്നത് ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യതയെ വളരെയധികം വർദ്ധിപ്പിക്കുന്നു.

8) 'ഇപ്പോഴത്തെ കുട്ടികൾക്ക് ഞങ്ങളേക്കാൾ അറിയാം' എന്നു പറഞ്ഞ് ലൈംഗികപരമായ അറിവുകൾ യഥാസമയം പറഞ്ഞു കൊടുക്കുന്നതിൽ നിന്ന് മാതാപിതാക്കന്മാർ പിന്മാറിയാൽ നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നില്ല എന്നു തിരിച്ചറിയുക. ഇതിനു നിങ്ങളെ സഹായിക്കുന്ന ധ്യാനങ്ങൾ, സെമിനാറുകൾ, ഇടവകയിലെ സംഘടനാപ്രവർത്തനങ്ങൾ മുതലായവയിൽ മാതാപിതാക്കന്മാർ നിർബന്ധമായും പങ്കെടുക്കുക.

9) എല്ലാറ്റിലും ഉപരിയായി നമ്മുടെ കുടുംബവും മക്കളും വിശുദ്ധിയിൽ വളരുവാൻ നിരന്തരം പ്രാർത്ഥിക്കുക. 'പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത്' എന്നു പഠിപ്പിച്ച വി. മരിയ ഗൊരേത്തിയുടെ അമ്മ നമുക്കു പ്രചോദനവും മാതൃകയുമാകട്ടെ.

സസ്നേഹം,

**ഫാ. തോമസ് കല്ലുകളം സി.എം.ഐ.**

വികാരിയച്ചൻ

# Shepherd's Message



Dearly Beloved in Christ Jesus,

Our body is one of God's most precious gifts. We have been created in the image and likeness of God.

His Spirit dwells in our body. Our body is the temple of God. Hence, we must respect and revere our body and that of others, as well. Sexuality today, is associated with a lot of myths and misconceptions. In order to enable our children to understand the true meaning of the gift of human sexuality and to develop proper spiritual and emotional attitudes towards it, I would like to bring the following to the attention of our Parents.

1. Information pertaining to sex, gained from one's own Parents is the most useful and effective means for a child.
2. Parents have the duty to give their children adequate information, appropriate to each child's stage of development, about the differences between persons of opposite sexes, and they must be taught to respect them.
3. We must ensure that a child who enters adolescence (10 to 11 years), should have received sex education. Give them opportunities to read good books, attend seminars and retreats towards this. Father and Mother must be a friend to their son and daughter respectively. Mothers must take the initiative to explain the special features of womanhood, (Eg. Menstrual cycles) and give their daughters proper guidance.
4. In today's world, there are many chances for our children to be prey to sexual abuse. Thus, it is essential to make them aware of the following:
    - Children must be taught that certain body parts are private.
    - They must be able to recognize the difference between a 'good' touch and a 'bad' touch.
    - Tell your children to let you know if a child or adult plays secret games or threatens them with dire consequences if they don't keep the secret. Remind your child frequently that they will not get in trouble for talking to you, no matter what they say.
    - Teach them to respect the private parts of those of the opposite sex.
    - As far as possible avoid situations when a child is alone with relatives.
5. Teach a child to say 'NO' when required.
6. Give a child the freedom to discuss anything openly with his/her parent.
7. Allowing children to dress up in clothes that expose their bodies increases the chances for sexual exploitation.
8. If a parent does not give appropriate sex education at the proper time claiming that 'Today's children know more than us', they are not performing their obligations as a Parent. It is imperative that parents participate in seminars, retreats, and Parish Associations to gain support and knowledge about these matters.

Above all, pray continually that our children may grow in chastity and purity. May St. Maria Goretti's declaration that she would rather die than submit to sin, be an inspiration and shining example for us.

**Fr. Thomas Kallukalam CMI**
Forane Vicar



Dear Friends in Christ Jesus,

The cover page of the July issue of the Santhome Messenger, designed by Mrs. Prameela Varghese, invites us to take a leap of faith, particularly in times of trials and tribulations. A 'Leap of faith' is a test of our belief in God and therefore, it may be a challenge for many of us.

One day, a young man asked me to pray for him saying, "Father, I have been in a relationship with a girl for the past 2 years. A few days ago, I proposed to her, and today she said that she would give me her final word." This prayer request puzzled me, and I asked him, "If I pray for you and the girl's response is a 'No' what would be your reaction?" To my surprise, he replied with a smile, "Father, you don't pray for me to get a 'Yes' from her, rather you pray that God's will for me may be revealed through her." That youngster's reply took me by surprise as my 'little' faith was challenged.

Is this not the real dimension of faith? Isn't this what Pope Francis precisely means when he urges a Christian to have an Eye of Faith??!

Friends, we are indeed blessed to be born in the Christian Faith. Let us always be grateful to God for this wonderful gift. As we celebrate the feast of St. Thomas, our Father in Faith, on 3rd July, hearty greetings to all, and especially to Rev. Fr. Thomas Kallukalam, our beloved Vicar, who celebrates his Heavenly Patron's Feast Day! May God bless us and enable us to deepen our Faith in the Lord!

**Fr. Justin Manninezhath**
Asst. Vicar

*Prayerful Festal Greetings to our beloved Shepherd*







**Parish Community**
**St. Thomas Forane Church**

# ട്രസ്റ്റിമാർ സംസാരിക്കുന്നു...

     

''നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധംമൂലമായിരിക്കരുത്. സന്മനസോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തികൊണ്ടായിരിക്കരുത്. സൽമാതൃക നൽകികൊണ്ടായിരിക്കണം'' (1 പത്രോസ് 5:2,3).

സെന്റ് തോമസ് ഫൊറോന ദേവാലത്തിന്റെ ട്രസ്റ്റിമാരായി ഞങ്ങളെ തിരഞ്ഞെടുത്ത ഇടവക ജനത്തിനു നന്ദി. കഴിഞ്ഞവർഷം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച പ്രിയപ്പെട്ട ട്രസ്റ്റിമാർക്ക് സ്നേഹപൂർവ്വം ചെയ്ത സേവനങ്ങൾക്ക് ഒത്തിരി സ്നേഹവും നന്ദിയും അർപ്പിക്കുന്നു. തുടർന്ന് അവരുടെ വിലയേറിയ അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

പുതിയ ട്രസ്റ്റിമാരായ ഞങ്ങൾ ആത്മീയവും ഭൗതീകവുമായ ഇടവകയുടെ വളർച്ചയ്ക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ ഉത്തരവാദിത്വമുള്ളവരാണ്. സഭാജനങ്ങളുടെ ആത്മാർത്ഥമായ സഹകരണമാണ് ആവശ്യം. ഓരോ കുടുംബത്തിൽനിന്നും ഇടവകയിലെ ഏതെങ്കിലും ഒരു സംഘടനയിൽ അംഗമാവുകയും തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പൊതുയോഗങ്ങളിലും കൗൺസിൽ യോഗങ്ങളിലും അവതരിപ്പിക്കുകയും വേണം. എല്ലാ സംഘടനാ ഭാരവാഹികളുടേയും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇടവകയുടെ നട്ടെല്ലുകളായ കൗൺസിലർമാരുടെ ആത്മാർത്ഥ സഹകരണം ആവശ്യമാണ്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. നിങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഞങ്ങളെ പ്രാർത്ഥനയോടെ ഓർക്കുക. സർവ്വശക്തനായ തമ്പുരാൻ കർത്താവ് നമ്മെ കാക്കട്ടെ.■

**സ്നേഹപൂർവ്വം ട്രസ്റ്റിമാർ**

## *Congratulations and Best Wishes to Newly Elected Trustees*



# മാർ തോമ നസ്രാണികളുടെ വിശ്വാസ പാരമ്പര്യങ്ങൾ



**ജോജു ജോർജ്ജ് ജേക്കബ്**

മാർ തോമ നസ്രാണികളെന്ന് അഭിമാനിക്കുന്നവരാണ് ഭാരതത്തിലെ സുറിയാനി ക്രൈസ്തവരെല്ലാം. ആര്യന്മാരുടെ അധിനിവേശത്തോടെ സിന്ധുനദീതടവാസികളായിരുന്ന ദ്രാവിഡന്മാർ ദക്ഷിണേന്ത്യയിലേക്ക് പലായനം ചെയ്തു. ഈ ദ്രാവിഡദേശത്തേക്ക് സോളമന്റെ കാലം (ബി.സി. പത്താം നൂറ്റാണ്ട്) മുതൽ യഹൂദ കുടിയേറ്റം ആരംഭിച്ചതായി അനുമാനിക്കപ്പെടുന്നു. ദക്ഷിണേന്ത്യൻ പ്രദേശങ്ങൾക്ക് പശ്ചിമ ഏഷ്യയുമായി കടൽമാർഗ്ഗമുള്ള കച്ചവടബന്ധങ്ങൾ ഉണ്ടായിരുന്നു. ഹിപ്പാലസ്സ് എന്ന ഗ്രീക്ക് നാവികൻ മൺസൂൺ കാറ്റിനെ ഉപയോഗപ്പെടുത്തി ചെങ്കടലിൽനിന്നും കേരളതീരത്തെത്തുന്ന രീതി കണ്ടെത്തിയതോടെ മാസങ്ങളോളം നീളുന്ന കപ്പൽ യാത്ര ബി.സി. ഒന്നാം നൂറ്റാണ്ടായപ്പോഴേയ്ക്കും നല്പതു ദിവസമായി ചുരുങ്ങി. അസീറിയൻ പ്രവാസകാലത്തും (ബി.സി. 734-732) അതിനുശേഷം ബാബിലോണിയൻ പ്രവാസകാലത്തും (ബി.സി. 5,6 നൂറ്റാണ്ടുകൾ) ചിതറിക്കപ്പെട്ട ഇസ്രായേൽക്കാരിൽ ചിലർ കേരളതീരത്തേക്ക് കുടിയേറുകയുണ്ടായി. അതിനുശേഷവും ഈ കുടിയേറ്റം തുടർന്നുപോന്നിരുന്നു. ഈ സമൂഹത്തിലേക്കാണ് രക്ഷയുടെ സുവിശേഷവുമായി മാർ തോമാ ശ്ലീഹാ എത്തുന്നത്. അതുകൊണ്ടുതന്നെ പഴയ നിയമ-യഹൂദ പാരമ്പര്യങ്ങളുമായും അറമായ ഭാഷയുമായും വളരെയധികം ബന്ധമുള്ള ഒരു വിശ്വാസസമൂഹമാണ് ഇവിടെ രൂപംകൊണ്ടത്. ജനനം മുതൽ മരണംവരെയുള്ള ആചാരാനുഷ്ഠാനങ്ങളിലും ദൈവാരാധനയിലും എല്ലാം ഈ ബന്ധം വളരെ വ്യക്തവുമാണ്.

## സുറിയാനി ഭാഷയോടുള്ള ബന്ധം

നമ്മുടെ കർത്താവീശോമിശിഹായുടെയും ശ്ലീഹന്മാരുടെയും മാതാവിന്റെയും ഒക്കെ ഭാഷ അറമായ ആയിരുന്നു. ഈജിപ്തു മുതൽ ഇന്ത്യൻ ഉപഭൂഖണ്ഡം വരെ നീളുന്ന ഭൂവിഭാഗത്തിലെ ഭാഷയും ദക്ഷിണേന്ത്യ കേന്ദ്രമാക്കിയുള്ള വിദേശവാണിജ്യത്തിന്റെ ഭാഷയും അറമായ തന്നെയായിരുന്നു. അതുകൊണ്ടാണ് ബി.സി. ആറാം നൂറ്റാണ്ടുമുതൽ ദക്ഷിണേന്ത്യക്ക് പരിചിതമായ അറമായയുടെ ക്രൈസ്തവരൂപമായ സുറിയാനി നമ്മുടെ ആരാധനഭാഷ ആയിത്തീർന്നത്. 1962 ൽ ആരാധനക്രമ ഭാഷ മലയാളത്തിലാവുന്നതുവരെ സുറിയാനിയിലാണ് നമ്മൾ ഔദ്യോഗിക ദൈവാരാധന നടത്തിയിരുന്നത്. നമ്മൾ ഉപയോഗിക്കുന്ന മിശിഹാ, മാർ, ശ്ലീഹാ, സ്ലീവാ, നസ്രാണി, ഏവൻഗാലിയോൻ, കുർബാന, കൂദാശ, മാലാഖ, മാമോദീസ, ഗോതമ്പ്, അപ്പം, റമ്പാൻ, മൽപ്പാൻ, ബസ്സ്യാമ, ശെമ്മാശൻ തുടങ്ങി അക്രൈസ്തവർക്കുപോലും പരിചിതമായ പല വാക്കുകളും സുറിയാനിയിൽനിന്നും വന്നതാണ്.

## സ്ലീവായുടെ അടയാളം

കുരിശിന്റെ അടയാളം വരച്ച് സ്വയം വിശുദ്ധീകരിക്കുന്ന രീതി നമ്മുടെ പുരാതന പാരമ്പര്യമാണ്. സന്ധ്യാപ്രാർത്ഥനയ്ക്കുപോലും കുരിശുവരയ്ക്കുക എന്നാണല്ലോ പറയുന്നത്. പൗരസ്ത്യ സഭകളുടെ രീതിയനുസരിച്ച് വലത്തുനിന്ന് ഇടത്തേയ്ക്കു കുരിശുവരയ്ക്കുന്ന രീതിയാണ് നമുക്കുണ്ടായിരുന്നത്. രാത്രി കിടക്കുന്നതിനുമുൻപും എഴുന്നേൽക്കുമ്പോഴും പുറത്തുപോകുമ്പോഴും പള്ളിയിൽ പ്രവേശിക്കുമ്പോഴും പുറത്തുവരുമ്പോഴുമെല്ലാം സ്ലീവായുടെ അടയാളം നാം വരയ്ക്കുന്നു. കഞ്ഞിയ്ക്ക് അളന്നെടുക്കുന്ന അരിയിൽ വീട്ടമ്മമാർ കുരിശടയാകം വരച്ചിരുന്നു. വീടിന്റെ പ്രധാന കവാടത്തിലും അറയുടെ നിരയിലും മേൽക്കൂരയുടെ കൂട്ടിലും എല്ലാം കുരിശടയാളം കൊത്തിവയ്ക്കാറുണ്ടായിരുന്നു. യാത്രയുടെ അവസരങ്ങളിൽ പള്ളികളുടേയും കുരിശടികളുടേയും മുൻപിലെത്തുമ്പോൾ ഭക്തിപൂർവ്വം കുരിശടയാളം വരയ്ക്കുന്ന രീതിയൊന്നും നമ്മുക്കിപ്പോഴും അന്യമല്ല. ഭാരത പാരമ്പര്യത്തിൽനിന്നും നമ്മൾ സ്വീകരിച്ച താലിയിൽ സ്ലീവായുടെ അടയാളം രേഖപ്പെടുത്തിയാണ് നാം അതിനെ അനുരൂപപ്പെടുത്തിയത്.

## മാർതോമ നസ്രാണികളുടെ പേരുകൾ

അപ്പന്റെയും അമ്മയുടെയും മാതാപിതാക്കളുടെയും അവരുടെ സഹോദരങ്ങളുടെയും ഒക്കെ പേരുകളാണ് കുട്ടികൾക്ക് നൽകിപോന്നിരുന്നത്. ഇതെല്ലാം പഴയനിയമ യഹൂദപാരമ്പര്യങ്ങളിൽനിന്നും അറമായ

ഭാഷയിൽനിന്നും വന്നവയാണ്. ചിലപേരുകളെ അതേപടിയും മറ്റുചിലവയെ രൂപമാറ്റത്തോടെയും ഉപയോഗിച്ചുപോകുന്നു. മത്തായി, തോമ, വർക്കി, ഔസേപ്പ്, മറിയം, അന്ന, ഏലി, ചാക്കോ, ഇയ്യോബ്, പീലിപ്പോസ് തുടങ്ങിയ പേരുകൾ സുറിയാനി ക്രൈസ്തവരുടെ ഇടയിൽ സാധാരണമായിരുന്നു. അറമായ ഭാഷയിലുള്ള നമ്മുടെ കർത്താവിന്റെ ഈശോ എന്ന നാമം മാർതോമ നസ്രാണികൾക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. യേശു, യേസൂസ്, ജീസസ്, യ്ഹോഷാ തുടങ്ങിയ രൂപങ്ങളെല്ലാം ഈശോ എന്ന അറമായ ഭാഷയിലുള്ള മൂലനാമത്തിന് ഗ്രീക്ക്, ലത്തീൻ, ഹീബ്രു ഭാഷകളിൽ മാറ്റം സംഭവിച്ചുണ്ടായവയാണ്. ഈശോയെന്നും കുട്ടികൾക്ക് പേരിട്ടിരുന്നു.

## സ്തുതി കൊടുക്കുന്ന പാരമ്പര്യം

'ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് പരസ്പരം പ്രത്യേകിച്ച് കാരണവന്മാർക്കും ഗുരുക്കന്മാർക്കും പട്ടക്കാർക്കും സ്തുതികൊടുക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. സ്തുതികൊടുത്തുകൊണ്ടാണ് പ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിപ്പിയ്ക്കുന്നതും. മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും ബന്ധുക്കൾക്കും സ്തുതികൊടുത്തതിനുശേഷമാണ് വധുവരന്മാർ വിവാഹത്തിനു പള്ളിയിലേക്കു ഇറങ്ങുന്നത്. സ്തുതി കൊടുത്തുകൊണ്ടാണ് യാത്രപറയുന്നതും.

## മാതാവിനോടുള്ള ഭക്തി

പരിശുദ്ധ കന്യകാമറിയത്തോട് പ്രത്യേക ഭക്തിയുള്ളവരാണ് മാർതോമാ നസ്രാണികൾ. മാർ തോമ നസ്രാണികളുടെ പുരാതന പള്ളികളിൽ ബഹുഭൂരിപക്ഷവും മാതാവിന്റെ നമത്തിലുള്ളതാണെന്ന ചരിത്രം ഇതിനുതെളിവാണ്. മറിയം, മേരി, മേരിക്കുട്ടി, മറിയാമ്മ, മറിയക്കുട്ടി തുടങ്ങിയ മാതാവുമായി ബന്ധപ്പെട്ട പേരുകൾ മാർതോമ നസ്രാണികളുടെ ഇടയിൽ സാധാരണയായിരുന്നു. ബുധനാഴ്ചകൾ മാതവിനുവേണ്ടി പ്രത്യേകം സമർപ്പിക്കപ്പെട്ടവയാണ്. 8 നോമ്പും 15 നോമ്പും നമ്മുടെ പൂർവ്വികരുടെ മാതൃഭക്തിയുടെ ശ്രേഷ്ഠമായ പ്രകാശനങ്ങളാണ്. ഇതുകൂടാതെ മംഗലവാർത്തത്തിരുനാൾ, സന്ദർശനത്തിരുനാൾ, അനുമോദനത്തിരുനാൾ, തുടങ്ങിയ തിരുനാളുകളും മാതാവിന്റേതായി മാർതോമ നസ്രാണികളുടെ ഇടയിൽ നിലവിലുണ്ട്. മംഗലവാർത്ത കാലം പ്രത്യേകമായി മാതാവിനോടുള്ള ഭക്തി പ്രദർശിപ്പിക്കുന്ന കാലമാണ്. മാർ തോമ നസ്രാണികളുടെ ഇടയിൽ പാശ്ചാത്യർ പരിചയപ്പെടുത്തിയ പരിശുദ്ധ കന്യകാമാതാവിന്റെ ജപമാലയ്ക്ക് സ്വീകാര്യത കിട്ടുവാനുള്ള കാരണവും അവരുടെ ആഴമേറിയ മാതൃഭക്തി തന്നെയാണ്.

## പെസഹാ ഭക്ഷണം

മാവ് പുളിപ്പിക്കാതെ ഉണ്ടാക്കുന്ന ഇണ്ടറി അപ്പവും, ശർക്കരപ്പാനിയിൽ തേങ്ങാപ്പാൽ ചേർത്തുണ്ടാക്കുന്ന പാലും ആണ് മാർതോമ നസ്രാണികളുടെ പെസഹാ ഭക്ഷണത്തിലെ ഘടകങ്ങൾ. യഹൂദപാരമ്പര്യത്തിലെന്നതുപോലെ പൂർണ്ണമായും വീടുകൾ കേന്ദ്രീകരിച്ചാണ് ഇതു നടത്തിയിരുന്നത്. പെസഹായ്ക്ക് പാലുകാച്ചുവാനുള്ള കലം അതിനല്ലാതെ മറ്റൊന്നിനും ഉപയോഗിച്ചിരുന്നില്ല. ഓശാന ഞായറാഴ്ച ലഭിക്കുന്ന കുരുത്തോലയിൽനിന്നും മുറിച്ചെടുത്ത ഓലക്കഷണങ്ങൾ കുരിശാകൃതിയിൽ വച്ചാണ് പ്രധാന അപ്പം തയ്യാറാക്കുന്നത്. ഇതിനെ കുരിശപ്പം എന്നും വിളിക്കുന്നു. ഗൃഹനാഥനാണ് പെസഹാ ആഘോഷത്തിന്റെ കാർമ്മികൻ. ഈശോയെയും പന്ത്രണ്ടു ശ്ലീഹന്മാരെയും അനുസ്മരിച്ച് കുരിശപ്പം പതിമൂന്നായിട്ടാണ് മുറിക്കുന്നത്. അതിനുശേഷം മൂത്ത ആൾമുതൽ ഏറ്റവും താഴത്തെയാൾവരെ എല്ലാവർക്കും കൊടുക്കുന്നു. ഏറ്റവും അടുത്ത ബന്ധുക്കളിൽ ആരെങ്കിലും മരണമടഞ്ഞാൽ അവരോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുവാനായി പാലുകാച്ചൽ ഉപേക്ഷിച്ചിരുന്നു. ഈ അവസരങ്ങളിൽ അയൽവാസികൾ അത്തരം വീടുകളിൽ പാലുകൊണ്ടുകൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കർത്താവിന്റെ പെസഹായെയും യഹൂദരുടെ പഴയനിയമപെസഹായെയും അനുസ്മരിക്കുകയും മരണമടഞ്ഞ പ്രിയപ്പെട്ടവരോടുള്ള ബന്ധത്തെ പ്രത്യേകം ഓർക്കുകയും അയൽബന്ധങ്ങളെ ഊട്ടിഉറപ്പിക്കുകയും ചെയ്യുന്ന മാർതോമാ നസ്രാണികളുടെ പെസഹാ ആചരണം ക്രിസ്റ്റീയ വിശ്വാസത്തിന്റെ തനിമയാർന്ന പ്രകാശന രീതിയാണ്.

## മരണാനന്തര ചടങ്ങുകൾ

മരിച്ചുപോയ ബന്ധുക്കളെ അനുസ്മരിച്ച് മാർതോമ നസ്രാണികൾ ഏഴ്, നാല്പത്തൊന്ന്, ആണ്ട് ആചരണങ്ങൾ നടത്തുന്നു. നാല്പത്തൊന്നുവരെ അടുത്ത ബന്ധുക്കൾ നോമ്പ് ആചരിക്കുന്നു. ഏഴും നാല്പത്തൊന്നും ആണ്ടും ബന്ധുക്കളെയും അയൽവാസികളെയും മറ്റും ക്ഷണിച്ച് ആചരിക്കുകയും ചെയ്യുന്നു. ഈ ആചരണങ്ങളിൽ ഭക്ഷണപദാർത്ഥങ്ങളിൽ ഒഴിച്ചുകൂടാനാവാത്തതാണ് നെയ്യപ്പവും പഴവും. പരമ്പരാഗതമായി ആചരിച്ചു

പോരുന്നുണ്ടെങ്കിലും ഇതിന്റെ സാംഗത്യം മനസ്സിലാക്കുന്നവർ പുതിയ തലമുറയിൽ വിരളമായിരിക്കും. പഴം ആദിമാതാപിതാക്കളുടെ പാപത്തെയും പറുദീസാ നഷ്ടത്തെയും ഒക്കെ സൂചിപ്പിക്കുന്നു. നെയ്യപ്പം പരിശുദ്ധകുർബാനയിലൂടെയുള്ള പാപമോചനവും നിത്യജീവനെയും ഏറ്റുപറയുന്നു.

### ഉപവാസത്തിന്റെ സ്നേഹിതർ

നോമ്പിനും ഉപവാസത്തിനും മാർതോമാ നസ്രാണികളുടെ ഇടയിൽ വലിയ പ്രാധാന്യമാണ് ഉള്ളത്. വെള്ളിയാഴ്ചയും ബുധനാഴ്ചയും ഉപവസിക്കുക എന്ന ആദിമ സഭാ പാരമ്പര്യം മാർതോമാ ശ്ലീഹായിൽനിന്നു നമുക്കു ലഭിച്ചതാണ്. ഉപവാസ ദിവസങ്ങളിൽ മത്സ്യമാംസാദികളും, പാലും പാലുല്പന്നങ്ങളും അവർ ഉപേക്ഷിച്ചിരുന്നു. അന്നേദിവസം വിവാഹിതർ ദാമ്പത്യ അവകാശങ്ങളും ഉപേക്ഷിച്ചിരുന്നു. നസ്രാണികളുടെ നോമ്പിന്റെയും ഉപവാസത്തിന്റെയും തീക്ഷ്ണത മനസ്സിലാക്കിയ പാശ്ചാത്യ മിഷനറിമാർ അവരെ 'ഉപവാസത്തിന്റെ സ്നേഹിതർ' എന്നാണ് വിളിച്ചിരുന്നത്. ആണ്ടുവട്ടത്തിലെ പകുതിയിലേറെ ദിനങ്ങൾ മാർതോമാ നസ്രാണികൾക്ക് നോമ്പിന്റെ ദിവസങ്ങളായിരുന്നു. ഇരുപത്തഞ്ചു നോയമ്പ്, മൂന്നു നോയമ്പ്, വലിയ നോയമ്പ്, പതിനഞ്ചു നോയമ്പ്, എട്ടു നോയമ്പ് തുടങ്ങിയ നോമ്പാചരണങ്ങൾ വളരെ കൃത്യമായി അനുഷ്ഠിച്ചുപോന്നു. നോമ്പാചരണങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത് വീട്ടമ്മമാരായിരുന്നു. വലിയ നോയമ്പിന്റെ പേതൃത്തായ്ക്ക് കഴുകി ഉണക്കി മാറ്റി വയ്ക്കുന്ന മത്സ്യമാംസാദികൾ പാകംചെയ്യാനുപയോഗിക്കുന്ന കറിച്ചട്ടികൾ നോയമ്പുവീടലിനെ പുറത്തെടുത്തിരുന്നുള്ളു.

നമ്മുടെ കർത്താവും ദൈവവുമായ മിശിഹാവന്ന് ജീവദായകവും ദൈവീകവുമായ സുവിശേഷംവഴി സഭാസന്താനങ്ങളായ എല്ലാവർക്കും ആവശ്യകമായ നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടേയും മാർഗ്ഗം പഠിപ്പിച്ചു എന്ന് വിശുദ്ധ കുർബാനയിൽ നാം ഏറ്റുപറയുന്നു. ഈശോ മിശിഹായാകുന്ന മാർഗ്ഗത്തെ തോമാ ശ്ലീഹാ നമ്മുടെ പൂർവ്വികർക്കു നൽകി. ചെറിയ ചെറിയ കർമ്മങ്ങളിലൂടെ, പ്രാർത്ഥനകളിലൂടെ, നോയമ്പ് ഉപവാസങ്ങളിലൂടെ, എന്നു വേണ്ട ഭക്ഷണ പദാർത്ഥങ്ങളിൽ കൂടിപോലും മാർതോമാ നസ്രാണികൾ ഈ മാർഗ്ഗത്തെ പ്രകടിപ്പിക്കുകയും സംരക്ഷിക്കുകയും കൈമാറുകയും ചെയ്തുപോരുന്നു.■.

## Congratulations



Hearty congratulations to **Mejo Jose** (St. Sebastian Ward) who has joined CMI Congregation (Mysore Province) to become a Priest.

Congratulations and prayerful wishes!

### Finding Meaning

There is a meaning in everything. Sometimes it's visible, sometimes we have to search deeply & sometimes it takes a while before we find the meaning. Finding meaning may help you make sense of things & may also help you experience life differently. But should we constantly search & find meaning in everything? What do you think?

## Congratulations & Prayerful Wishes



**1st Holy Communion & Confirmation**

on 29 May 2016

**Rejil Justin**

**S/o Mr. Justin Sebastian and Prasanna Justin**

# Challenges to Catholic Faith Formation Today



**Prof Dr Tomy Kallarakal**

Today, the Catholic Church is facing immense challenges to preserve and propagate the faith. This is true across the globe. Countries, which were the cradle of Catholic faith a century ago, are struggling to keep their flock together. This is true of the church in India too. Steve Bruce in his controversial book "*God is dead, secularization in the West*" (2003) argues that widespread indifference characterizes the attitude of most people to religion. This indifference to things related to faith is very evident among the faithful in India too, especially in cities like Bangalore. People are indifferent to whatever goes on in the Church. A couple of decades ago, people were very concerned and active participants of the activities of the church. Individuals and groups grew up in the surroundings of churches. Right from childhood, people were active members of catholic action groups. These enabled the individuals to grow in faith and imbibe catholic values as they grew up. But today we do not find this active participation by the faithful. A sense of indifference has crept in, especially among the youth. This is partly due to the failure from the part of the elderly laity to allow space for the youth to meaningfully take part in church activities. Fighting this indifference and bringing the people, especially the youth, to a closer relationship with the church, I feel, is a major challenge to faith formation today.

Another major challenge to Catholic faith today is the differences in society, which came in at a very rapid pace. The culture of various societies have changed drastically over the past few decades. This has happened all the more in Kerala, especially in the Syro Malabar Christian community. The structure of families has changed to nuclear families. Large families have always helped in faith formation. They gave the required social, emotional and economic support to the members of the family. Nuclear families, on the other hand, always find it hard to hold the faith together, as they feel that it is the practices of faith that they can manage to live without in their struggle to find time. The distortion in the structure of families accompanied by the changes in marriage patterns in society has become a major challenge to faith.

Today's generation is confronted with diverse religious beliefs and practices. The religious practices, which our forefathers adhered to, are withering away. Several new sects of Christian churches have come up and invaded the space previously occupied by the Catholic Church. These sects find it easy to attract the younger population especially, since they have not got the same catholic environment to grow up which their previous generations received.

Another major challenge is the inability or difficulty faced by the parents of today to transfer the faith, which they received, to the next generation. Catholic faith has always grown and matured in the families. The practices, values and traditions handed down by our forefathers played a very important role in the growth of the Catholic faith. But in today's society, due to various reasons, this transfer of faith to the next generation is very limited. If this is not properly addressed, the very same reason that wiped out the Catholic faith from European countries, just might wipe it out from our country, too.

A tremendous reshaping of the Indian society has happened since 1991. There was the emergence of the new "connected and networked" society. The tremendous

advancements in digital technology, according to me, is the greatest challenge and also an opportunity to the Catholic Church today. I feel that the Church was to a certain extent, unprepared to meet this challenge, because of which it could not respond to the changes fast enough. Even though the Church has now realized this, and is trying to catch up, the speed at which technology is growing and the extent of influence that it has on today's youth, makes it all the more difficult for the church to catch up. Nevertheless, technology is a great opportunity for the Church to reach out to people across the globe.

In previous generations, educational institutions played a very important role in faith formation. Almost every child belonging to a Catholic family went to Catholic schools at least at the lower primary level. Catholic parishes managed these schools and most of them had Catholic nuns teaching there. This helped to a great degree in laying the foundation for Catholic faith formation. The challenges of today's educational system have made it almost impossible for all Catholic children to get admission in a Catholic school. Furthermore,it is becoming increasingly difficult to openly advocate the Catholic faith to students who are admitted in these schools. Most of these institutions are taking a secular stand as appreciated by the larger part of society. This also acts as a major hurdle to faith formation.

So, it is time that every stake holder in Catholic faith formation becomes aware of these issues and makes concrete efforts to ensure that the light of faith that we have received from our forefathers is kept burning and does not get blown out in the face of various challenges that we face. If we fail to do so, that would be the greatest tragedy that can happen to the Catholic community of this generation and we would be answerable to future generations for failing in our duties. ■

# Success Story

**Anagha P Charly**



Everyone has a success story to be shared with an intention of being useful for others. According to me, to be successful, one should find his strengths and weaknesses. Then, strengthen our strengths and convert our weaknesses to strengths is the next step that we should move on with. To do this, we need the blessings of the Holy Spirit, support of the teachers and dedication of our parents.

Of course, we should strictly follow a study method which is the most effective and convenient. This method differs from person to person. I've strictly followed a time-table which I made for revision with proper time management. Also, I have insisted on solving previous years' question papers and prelims of different schools. I used to make a note of all the major points while learning and revise these points many times. My study method was to learn textbooks thoroughly, frame the answers in my own words and never tried to by-heart anything.

Above all, one can never achieve success without God's grace. I used to go to the Church and attend the Holy Mass everyday and thank God for the blessings He showered on me. The daily rosaries and prayers strengthened me and gave me the confidence to attend the exam without any fear. The sessions I have attended in STARTT helped me in facing the exam tension-free. At last, but not the least, the tremendous support from the Principal and teachers of Christ Academy and my parents led me to achieve this scores. I thank all those who extended their prayerful support to help me in achieving this success.

*Anagha P Charly is the topper from our Parish having scored 97% in ICSE Exam. Contratulations!*

# വി. അൽഫോൻസാമ്മയും വിശ്വാസ ജീവിതവും



**സി. ആൻസീന എഫ്.സി.സി.**



'സഹനവും ത്യാഗവുമാകുന്ന കല്ലുകൾകൊണ്ടാണ് സ്വർഗ്ഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്' എന്നു നമ്മോടു പറയുന്ന വി. അൽഫോൻസാ നമുക്കോരോരുത്തർക്കും സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടിയാണ്. ഭാരതനാടിനും കേരളനാടിനും പ്രത്യേകമാംവിധം ഐശ്വര്യവും ആനന്ദവും നൽകികൊണ്ട് തന്നെ സന്ദർശിക്കാനെത്തുന്ന തീർത്ഥാടകരിലും തന്നെ സമീപിക്കുന്നവരിലും വിശുദ്ധിയുടെ പനിനീരു തളിച്ചുകൊണ്ടിരിക്കുന്ന ഈ വിശുദ്ധയുടെ വിശ്വാസജീവിതം അദ്ഭുതാവഹമാണ്.

ദരിദ്രനും വിനീതനും ക്രൂശിതനുമായ ഈശോയെ തന്റെ ജീവിതസർവ്വസ്വവുമായി സ്വീകരിച്ച അസ്സീസ്സിയിലെ വി. ഫ്രാൻസീസിന്റെയും വി. ക്ലാരയുടെയും വഴികൾ പിൻതുടരുന്ന ഫ്രാൻസിസ്കൻ ക്ലാര സഭയിലെ പുണ്യപുഷ്പമാണ് വി. അൽഫോൻസാ. ബൗദ്ധിക ബുദ്ധിതലങ്ങളിൽ നിന്നും ഉയർന്നുപൊങ്ങി ആത്മീയ വിശ്വാസ മേഖലകളിലൂടെ ചരിച്ച് അനുദിന ജീവിത സംഭവങ്ങൾക്കും സഹനങ്ങൾക്കും ദൈവികമായ ഉത്തരം കണ്ടെത്തുന്നതിലൂടെ ജീവിതത്തിന് വിശുദ്ധിയുടെ പരിവേഷം നല്കിയവളാണ് നമ്മുടെ അൽഫോൻസാമ്മ. ചെറുതും വലുതുമായ ജീവിത സഹനങ്ങളിൽ പതറിഓടുകയല്ല, 'കുരിശുകളുടെ അഗ്നിയിൽ കത്തിദഹിക്കാൻ എന്നെ കർത്താവിന്റെ കൈയിൽ വിട്ടുകൊടുത്തിരിക്കുകയാണ്' എന്നാണ് അവൾ പറഞ്ഞത്. 'സ്നേഹിക്കുന്നവർക്കു മാത്രമേ കുരിശുകളും സങ്കടങ്ങളും അവിടുന്നു നല്കുകയുള്ളൂ' എന്നും 'കർത്താവിന്റെ കുരിശിന്റെ ഓഹരി എനിക്കുണ്ട്, ഞാൻ കർത്താവിനോടുകൂടെ കുരിശിലാണ്, ഈ ഭാഗ്യം എല്ലാവർക്കും കിട്ടുന്നതാണോ?' എന്നും പറയുന്ന വി. അൽഫോൻസാമ്മയുടെ വിശ്വാസജീവിതത്തിന്റെ ആഴം എത്രയോ വലുതായിരുന്നു. അനുദിനജീവിതത്തിൽ സഹനങ്ങളും വേദനകളും ദുഃഖങ്ങളും ഉണ്ടാകുമ്പോൾ 'എന്തുകൊണ്ട് ദൈവം എന്നോടിങ്ങനെ പ്രവർത്തിക്കുന്നു?' 'എന്നോടുമാത്രം എന്തുകൊണ്ടിങ്ങനെ?' 'ദൈവമുണ്ടോ'? എന്നിങ്ങനെ തോന്നുമ്പോൾ അറിയുക - അൽഫോൻസാമ്മയ്ക്ക് സഹനം സന്തോഷമായി, ആനന്ദമായി അനുഭവപ്പെട്ടു. സഹിക്കാൻ ലഭിക്കാത്ത ദിവസം ശൂന്യമായും നഷ്ടപ്പെട്ടതായും അവൾ കരുതി.

ഇന്നു നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും കത്തോലിക്കാ വിശ്വാസജീവിതത്തിൽ നമ്മെ തളർത്തിക്കൊണ്ടിരിക്കുന്നതും യേശുക്രിസ്തുവിലും അവിടുത്തെ തിരുവചനങ്ങളിലുമുള്ള ദൃഢമായ വിശ്വാസമാണ്. നമ്മുടെ ജീവിതാവശ്യങ്ങളിൽ, അബ്രാഹത്തെപ്പോലെ, 'അതു ദൈവം തരും, കുഞ്ഞേ' (ഉൽ. 22:8) എന്നും 'എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്നും യേശുക്രിസ്തുവഴി നിങ്ങൾക്കാവശ്യമുള്ളതെല്ലാം നൽകും' (ഫിലി. 4:19) എന്നുമൊക്കെയുള്ള തിരുവചനങ്ങൾ നമ്മെ വഴിനടത്തുന്നുവെങ്കിൽ നാമും അനുഗ്രഹീതരാകും. പ്രതികൂല സാഹചര്യങ്ങളിൽ വിശ്വാസദീപം ജ്വലിപ്പിക്കാൻ നമുക്കു ശ്രമിക്കാം. വി. അൽഫോൻസാമ്മ നമ്മെ സഹായിക്കും ■

# Amoris Laetitia

## Chapter 1
## IN THE LIGHT OF THE WORD



**Fr. Benny Tharakkunnel CMI**

### *Christian Family as a Living Reflection of Trinitarian Love*

*Amoris Lætitia* (Joy of Love), the post-synodal apostolic exhortation of Pope Francis on love in the family is divided into nine chapters. The first chapter entitled IN THE LIGHT OF THE WORD gives us a glimpse of families, births, love stories and family crises described in the Bible. As per the apostolic exhortation, the description of the family begins in the very first book of the Bible with the appearance of Adam and Eve's family (*Gen* 4) and culminates in the last book of the Bible where the wedding feast of the Bride and the Lamb is described (*Rev* 21:2, 9).




In the first part of the chapter the Holy Father speaks about the father and the mother who are the centre of a family. Quoting verses from the Old Testament and the New Testament, the Holy Father states that this couple with their personal story of love embodies the primordial divine plan clearly spoken of by Christ himself. To give credibility to this assertion the pope quotes Jesus' own statement, "Have you not read that he who made them from the beginning made them male and female?" (*Mt* 19:4) and the command found in the Book of Genesis, "Therefore a man shall leave his father and mother and cleave to his wife, and they shall become one flesh (*Gen* 2:24)".

According to the Holy Father, the narration given in the book of Genesis that "God created human beings in his own image; male and female he created them" (Gen 1: 27) presents the human couple in its deepest reality. This does not mean that sex is a property of God himself, or that God has a divine female companion, as some ancient religions held. What it means is that the couple that loves and begets life is a true, living icon capable of revealing God the Creator and Saviour. In this light the fruitfulness of the human couple can be understood as a living and effective "image", a visible sign of God's creative act. Going still further, the Holy Father teaches us that the couple's fruitful relationship becomes an image for understanding and describing the mystery of God himself. This is because in the Christian vision of the Trinity, God who is contemplated as Father, Son and Holy Spirit is a communion of love, and the family is its living reflection■

# ഇടവകയിലെ സന്യാസ സമൂഹങ്ങൾ

(ഈ ലക്കം മുതൽ നമ്മുടെ ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന സന്യാസ സമൂഹങ്ങളെ പരിചയപ്പെടുത്തുന്നു. ആദ്യമായി ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസ സമൂഹം)

## FCC ക്രൂശിതന്റെ പിന്നാലെ

സി. ഷാരോൺ FCC

വിശുദ്ധ ഫ്രാൻസീസ് അസീസിയാൽ രൂപം കൊണ്ടതാണ് ഫ്രാൻസിസ്കൻ സന്യാസ സമൂഹം. ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിന്റെ ഒരു ശാഖയാണ് ഫ്രാൻസിസ്കൻ മൂന്നാം സഭ. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കേരളത്തിൽ സ്ഥാപിതമായ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗങ്ങളായ ഏതാനും ഭക്തസ്ത്രീകളുടെ ദൈവസ്നേഹ തീക്ഷ്ണതമൂലം രൂപംകൊണ്ടതാണ് ഫ്രാൻസിസ്കൻ ക്ലാരസഭ (FCC).

ദരിദ്രനും വിനീതനും ക്രൂശിതനുമായ യേശുവിനെ സന്തോഷപൂർവ്വം അനുഗമിക്കുന്നതിനും സുവിശേഷ സാഹോദര്യം പ്രഖ്യാപിക്കുന്നതിനുമുള്ള പ്രത്യേക ദാനമാണ് ഫ്രാൻസിസിലൂടെ FCC സമൂഹത്തിനു ലഭിച്ചിരിക്കുന്ന കാരിസം. വിശ്വവ്യാപകമായ ഫ്രാൻസിസ്കൻ കുടുംബത്തിന്റെ ശാഖയായ FCC സന്യാസിനി സമൂഹത്തിന്റെ മൂന്ന് ഭവനങ്ങൾ ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്നു.

### 1. അൽഫോൻസാ ഭവൻ

FCC കാരിസം ആഴത്തിൽ പഠിച്ചറിഞ്ഞ് സുവിശേഷാത്മക ജീവിതം നയിക്കുന്നതിനും ദൈവത്തോടും മനുഷ്യരോടും പ്രകൃതിയോടുമുള്ള ബന്ധത്തിൽ സമഗ്രത സൂക്ഷിക്കുന്ന 'സാകല്യ' കോഴ്സിൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്നു. ദൈവശാസ്ത്ര പഠനങ്ങളിൽ ആഴപ്പെടുന്നതിനുമായി ധർമ്മാരം വിദ്യാക്ഷേത്രത്തിൽ സിസ്റ്റേഴ്സ് പരിശീലനം നേടുന്നു. ദൈവവിളിയുടെ അവിഭാജ്യഘടകവും തിരുസഭയുടെ ഏറ്റവും വലിയ ആവശ്യമായ മതബോധനത്തിനും ആദ്യകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിനും നമ്മുടെ ഇടവകയിൽ സിസ്റ്റേഴ്സ് സഹായിക്കുന്നു.

### 2. ക്ലെയർ ഭവൻ, കെങ്കേരി



FCC പ്രേഷിത പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിന് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. വിശാല വീക്ഷണത്തോടും കർമ്മോത്സുകതയോടും അർപ്പണ മനോഭാവത്തോടും കൂടി, വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഈ സമൂഹം, എറണാകുളം പ്രോവിൻസിന്റെ ഭാഗമാണ്. കുട്ടികളിലും യുവജനങ്ങളിലും പ്രാർത്ഥനാ ചൈതന്യവും അച്ചടക്കശീലവും സത്യസന്ധതയും വളർത്തിയെടുക്കുവാൻ സിസ്റ്റേഴ്സ് പരിശ്രമിക്കുന്നു.

### 3. സാൻജോ സദൻ, കെങ്കേരി

FCC കോതമംഗലം പ്രോവിൻസിന്റെ ഒരു ഭവനമാണ് സാൻജോ സദൻ. വേദനിക്കുന്ന ക്രിസ്തുവിനെ രോഗികളിൽ, വിശിഷ്യാ പാവപ്പെട്ടവരിൽ കണ്ടുകൊണ്ട് അർപ്പണ മനോഭാവത്തോടും കരുണാർദ്ര സ്നേഹത്തോടും കൂടെ ആതുര ശുശ്രൂഷാ രംഗങ്ങളിലായിരിക്കുന്നതിനായി സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ സിസ്റ്റേഴ്സ് പരിശീലനം നേടുന്നു.

ഭൗതികതയുടെ അതിപ്രസരവും ആഗോളവത്ക്കരണവും ഉപഭോഗസംസ്കാരവുമെല്ലാം അനശ്വരതയെ വെല്ലുവിളിക്കുമ്പോൾ പുതുജീവന്റെ തുടിപ്പ് കാട്ടുന്ന വി. ഫ്രാൻസിസിന്റെ മാതൃകയനുസരിച്ച് ജീവിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ ■

## STARTT Activities

STARTT Personality Development Annual Camp (Non residential) was conducted on May 21st and 22nd. The camp was inaugurated by Dr. Rev. Benny Tharakunnel and was attended by 128 children (including 34 new STARTTites).

The 2-day camp comprised of various sessions conducted by internal and external faculty. The sessions conducted on the Day 1 are listed below:

- Prayer and Meditation – Mr. Anto Philip
- Group Dynamics – Mr.Santosh Joseph (for Youth), Mr.Danish (for Seniors), Mrs Sherin Bobby and Mrs Midhu John (for Juniors)
- Quiz (Prelims and On Stage ) – Dr. Sarin
- Introduction to STARTT ( for new entrants) – Mr. Martin Thomas and Catch up sessions (Current STARTTites ) – STARTT mentors.
- Creative Writing – Mrs Indira Iyer
- Motivation – Rev. Noel C Jackson and Team

The Day 2 started with a special Holy Mass exclusively for the STARTTites and their parents. While STARTTites proceeded for their sessions, there was a separate interactive session for parents as well. Our beloved Vicar addressed the parents and this was followed by sessions from Mr.Titus Poovakkulam and Mr. Austin Scaria.

The sessions conducted during the 2nd day of the camp are as listed below :

- Spirituality - Rev Fr Adolf Washington
- Mentor Mentee Connect Sessions
- Public Speaking (for Juniors and Seniors) – Mr. Danish
- General Awareness (for Juniors and Seniors) – Mr. Austin Scaria
- Workshop on "Improving Inter Personal Relationships" (Only for Youth) – Ms. Deepthi
- Session on Yoga - Breathing Techniques and Meditation – Sri. Subramanyan Swamy
- Impromptu On Stage Skit - Judged by Dr. P G Sebastian and Mr. Martin Thomas

As per the feedback received, the STARTTites enjoyed the camp thoroughly and are now eagerly awaiting the forthcoming sessions ■

## ലീജിയൻ ഓഫ് മേരി

എന്റെ ഈ സഹോദരങ്ങളിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത് (മത്താ. 25:40). അയർലണ്ടിലെ ഡുവിലിൻ എന്ന സ്ഥലത്ത് 1889 ജൂൺ 7 ന് ജനിച്ച ഫ്രാങ്ക്ഡഫ് എന്ന ആളാണ് ലീജിയൻ ഓഫ് മേരിയുടെ സ്ഥാപകൻ. സർപ്പത്തിന്റെ തലതകർത്ത് ക്രിസ്തുവിന്റെ വാഴ്ചയെ പ്രോത്സാഹിപ്പിച്ച് മറിയത്തിന്റെ ജോലിയിൽ പ്രാർത്ഥിച്ചും പ്രവർത്തിച്ചും വിശുദ്ധി വർദ്ദിപ്പിക്കുകയാണ് മരിയ സൈന്യത്തിന്റെ ലക്ഷ്യം. മേയ് 29ന് ഞായറാഴ്ച ഔദ്യാഗികമായി സത്യപ്രതിജ്ഞ ചെയ്ത് 12 അംഗങ്ങൾ സൈന്യത്തിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ അത് 15 ആയി. പരിശുദ്ധ അമ്മയോട് ചേർന്നുനിന്ന് ആശ്വാസവചസ്സുകൾ അനേകായിരങ്ങളിൽ എത്താൻ ഈ സംഘടനയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ■

# SCA ഓർഫേനജ് വിസിറ്റ്

2015 2016 വർഷത്തെ SCA യുടെ ഓർഫേനജ് വിസിറ്റിനായി തിരഞ്ഞെടുത്തത്  ബാല യേശു ഭവൻ ആയിരുന്നു.  ബെന്നാർഗട്ട റോഡിൽ നിന്നും കുറച്ചു ഉള്ളിലോട്ടു ആയി RFT സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ആ ഭവനം SCA അംഗങ്ങൾക്ക് ദൈനംദിന ജീവിതാനുഭവങ്ങളിൽ നിന്നും തികച്ചും ഒരു വേറിട്ട അനുഭവമായിരുന്നു. രാവിലെ 7 മണിയുടെ കുർബാനയ്ക്കുശേഷം SCA അംഗങ്ങൾ എല്ലാവരും വിവിധ വാഹനങ്ങളിലായി അവിടെ എത്തിച്ചേർന്നു. തുടർന്ന് ഞങ്ങൾ രണ്ടു ഗ്രൂപ്പുകൾ ആയി തിരിഞ്ഞു. ഒരു വിഭാഗം ബ്ര. ജിത്തുവിന്റെയും ഞങ്ങളുടെ Team Mrs. ന്റെയും നേതൃത്വത്തിൽ ഓർഫനേജ് അംഗങ്ങൾക്കായുള്ള കലാപരിപാടികൾ നടത്തുകയും അതോടൊപ്പം തന്നെ ഞങ്ങളുടെ Team Mr.  ന്റെ നേതൃത്വത്തിൽ മറ്റൊരു വിഭാഗം ഓർഫനേജ് അംഗങ്ങൾക്കായുള്ള ഉച്ച ഭക്ഷണം പാചകം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്തു. മുൻകൂട്ടി  നിശ്ചയിച്ചത് പ്രകാരം ക്രൃത്യസമയത്തു തന്നെ രോഗികളും അശരണരും ആയ ഓർഫേനജ് അന്തേവാസികൾക്ക്  ആയി സ്വയം ഭക്ഷണം പാചകം ചെയ്തു നല്കുവാൻ സാധിച്ചു എന്നുള്ളത് ഞങ്ങൾ ഓരോ SCA അംഗങ്ങളിലും ചാരിതാർത്ഥ്യം ഉളവാക്കി. ഭക്ഷണത്തിനു ശേഷം വികാരി അച്ചന്റെ നേതൃത്വത്തിൽ ഞങ്ങൾ അവിടുത്തെ അംഗങ്ങൾക്കായി വിവിധ കലാ പരിപാടികൾ നടത്തുകയും ഒരുതുക സംഭാവന ആയി അവിടുത്തെ നടത്തിപ്പ് സിസ്റ്റേർസിനെ ഏല്പ്പിക്കുകയും ചെയ്ത് നിറഞ്ഞ മനസ്സോടെ ഞങ്ങൾ മടങ്ങി ■



## St. Thomas Youth – 2016 A New Beginning.

St. Thomas Youth Inauguration was held on 12th June 2016. The inauguration commenced with a heartwarming prayer song by the youth choir members. Followed by an igniting inspirational session by Fr. Justin Puthenpurackal. Fr. said, "Life is just 10 percent of what happens to us and 90 percent on how we react". He explained with the phrase- "There is no lock without a key", similarly all our problems will lead us to  many pathways out of which one among them will turn out to be a solution.



A glimpse of SMYM - STY 2015 timeline activities were shown through a video. It gave an outline on how STY works and it instilled



in us a spirit to do better in the coming years. The creative and hilarious dance performance by the youth caught us by surprise and was truly a mesmerizing one!

SMYM-STY general body meeting 2016 was entertaining, spiritual and a very welcoming event put forth by the youth members. Congratulations to all the newly elected members and the previous committee members for their initiative and efforts behind this gathering. Around 300 youth participated in the inaugural Function. The event has made the young spirits curious to look forward to be a part of the STY family and in our journey ahead ■



**JIANNA MARIA JOSHY**
Baptized on 28/05/2016
D/o Mr. Joshy V. J. & Mrs. Asha Joshy

## BAPTISM

| | Name | Date |
|---|---|---|
| 1. | Neil P sanil (Antony) | 22.05.2016 |
| 2. | Jianna Maria Joshy | 28.05.2016 |
| 3. | Renu (Maria) | 06.06.2016 |
| 4. | Binu Babu (Ann) | 06.06.2016 |
| 5. | Poornima (Anna) | 10.06.2016 |
| 6. | Ethan Soji (Joseph) | 25.06.2016 |

## MARRIAGE

| | | |
|---|---|---|
| 1 | Jojo Jose & Anumol Joy | 22.05.2016 |
| 2 | Vineesh Andrew & Jisha V J | 22.05.2016 |
| 3 | Ouseoh George & Neethu Xavier | 28.05.2016 |
| 4 | Joseph Savio K & Shalet Rose Mary | 28.05.2016 |
| 5 | Roy Jacob & Angel Joy | 13.06.2016 |
| 6 | Subodhkumar & Rinci Antony | 27.06.2016 |
| 7 | Anish Thomas & Jenny Varghese | 29.06.2016 |

## DEATH

| | | |
|---|---|---|
| 1 | Moly | 14.06.2016 |
| 2 | Rosy Varghese | 26.06.2016 |

# POPE'S VOICE



We must restore hope to young people, help the old, be open to the future, spread love. Be poor among the poor. We need to include the excluded and preach peace.

***

You might say, 'Can't we have a more human Christianity, without the cross, without Jesus, without stripping ourselves?' In this way we'd become pastry-shop Christians, like a pretty cake and nice sweet things. Pretty, but not true Christians.

# പിതൃവേദി ഭാരവാഹികൾ



Sherin P. Devassy
President



T.O. Davis
Vice President



Antony Pothalil
Secretary



Dixon A. J.
Joint Secretary



Johny Thattil
Treasurer

# SCA ഭാരവാഹികൾ





Nicy John
Vice President



Sebastian Francis
Secretary



George Chacko
Cultural Secretary



Tomyachen
Treasurer

# TOPPERS' LIST



Anagha P Charly
96.7 ICSE



Diya Mary Shaju
96.48 SSLC



Ebin Jacob
91.4 ICSE



Elwin Thomas
97.6 SSLC



Enok Jose Panadan
95.36 SSLC



Joyal Joshie George
91.2 CBSE



Maria David
94.24 SSLC



Mariya Shaji
93.12 SSLC



Michael D. Sebastian
92 SSLC



Reshma P. Roy
93 ICSE



Sayana Sebastian
90.72 SSLC



Siji Simon T
91.68 SSLC

# ഇടവക വാർത്തകൾ



## പുസ്തക പ്രകാശനം

നമ്മുടെ പ്രിയ ബഹുമാനപ്പെട്ട വികാരി തോമസ് കല്ലുകളം അച്ചൻ തന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് രചിച്ച 'SAVIOR SEEN' എന്ന പുസ്തകം മെയ് 26ന് പ്രകാശനം ചെയ്യുകയുണ്ടായി. മണ്ഡ്യ രൂപത ബിഷപ്പ് മാർ ആന്റണി കരിയിൽ പ്രകാശന കർമ്മം നിർവ്വഹിച്ചു. രൂപതാ ചാൻസലർ റവ. ഫാ. ജോമോൻ കോലഞ്ചേരി പുസ്തകം ഏറ്റു വാങ്ങി. ചടങ്ങിൽ റവ. ഫാ. ജസ്റ്റിൻ മണ്ണിനേഴത്ത് സി.എം.ഐ. സ്വാഗതം ആശംസിച്ചു. ഡോ. സിബിച്ചൻ മാത്യു ഐ.ആർ.എസ്. 'SAVIOR SEEN' എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി പ്രസംഗിച്ചു. പ്രൊഫ. ജോയ് പൗലോസ് നന്ദി രേഖപ്പെടുത്തി.

പരി. കുർബ്ബാന എന്ന മഹാത്ഭുതം വ്യക്തിപരമായ അനുഭവമാകുന്നതിനെ പ്രതിപാദിക്കുന്ന ഗ്രന്ഥം വായനക്കാരുടെ ഹൃദയത്തെ സ്പർശിക്കുന്നതാണ്. ഈ ലോകജീവിതത്തിന്റെ ആകുലതകളും വിഷമങ്ങളും അലട്ടുന്ന മനുഷ്യന് ഈശോ നൽകുന്ന പ്രത്യാശയെ ഈ ഗ്രന്ഥം എടുത്തുകാട്ടുന്നു. തങ്ങളിൽ വസിക്കുന്ന ഈശോയുടെ സാന്നിദ്ധ്യം അറിയാതെ ഈശോയിൽനിന്നകലുന്ന ഓരോരുത്തർക്കും പരി. കുർബ്ബാനയിലൂടെ സമീപസ്ഥനാകുന്ന ഈശോയെ തുറന്നുകാട്ടുകയാണ് 'SAVIOR SEEN'







## ട്രസ്റ്റിമാരുടെ സ്ഥാനാരോഹണം

മെയ് മാസം 29–ാം തിയതി ഞായറാഴ്ച 7 മണിയുടെ ദിവ്യബലിമദ്ധ്യേ പ്രൊഫസർ ഡോ. ജെയിൻ മാത്യു, ശ്രീ. ഐസക് കെ. എബ്രാഹം, ശ്രീ. തോമസ് കെ. എസ്., ശ്രീ. ബെന്നി സെബാസ്റ്റ്യൻ ശ്രീ. ബേബി ജോസഫ്, ശ്രീ. ചാർളി മാത്യു എന്നിവർ 2016 – 17 പ്രവർത്തനവർഷത്തിലെ ട്രസ്റ്റിമാരായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

## ലീജിയൻ ഓഫ് മേരി – ലേഡീസ് വിങ്

ലീജിയൻ ഓഫ് മേരി – ലേഡീസ് വിങ് ഉദ്ഘാടനം മെയ് മാസം 29–ാം തിയതി ഞായറാഴ്ച 7 മണിയുടെ ദിവ്യബലിമദ്ധ്യേ ബഹു. വികാരി തോമസ് കല്ലുകളം അച്ചൻ നടത്തുകയുണ്ടായി.

## വണക്കമാസം

മാതാവിന്റെ വണക്കമാസ സമാപനദിനമായ മെയ് 31 ചൊവ്വാഴ്ച വൈകിട്ട് 5. 30 ന്റെ ദിവ്യബലിക്കുശേഷം ജപമാലപ്രദക്ഷിണവും നേർച്ചവിതരണവും ഉണ്ടായിരിന്നു.

## കിഡ്സി–ഏയ്ഞ്ചൽസ് നെസ്റ്റ്

കിഡ്സിയോട് ചേർന്ന് നടത്തുന്ന നമ്മുടെ ഇടവകയുടെ ഏയ്ഞ്ചൽസ് നെസ്റ്റ് ബൈബിൾ നഴ്സറിയുടെയും, പ്ലേ സ്കൂളിന്റെയും പുതിയ അദ്ധ്യയന വർഷം യഥാക്രമം ജൂൺ 6, 13 തിയ്യതികളിൽ ആരംഭിച്ചു. 68 കുഞ്ഞുങ്ങൾ ഈ വർഷം കിഡ്സി–ഏയ്ഞ്ചൽസ് നെസ്റ്റിൽ പരിശീലനം നടത്തുന്നു.

## ദിവ്യബലിയും കാഴ്ചസമർപ്പണവും

വർഷംതോറും ഓരോ വാർഡുകളും സംഘടനകളും ഏറ്റെടുത്ത് നടത്തുന്ന ഞായറാഴ്ച 7 മണിക്കുള്ള ദിവ്യബലിയുടെ ബൈബിൾ വായനയും, കാഴ്ചസമർപ്പണവും ജൂൺ 19 മുതൽ ആരംഭിക്കുകയുണ്ടായി. നിശ്ചയിച്ചിരിക്കുന്ന തിയ്യതിക്രമം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| June 19 | Holy Trinity Ward |
| June 26 | St. Jude Ward, BTM. |
| July 3 | Holy Family Ward |
| July 10 | St. Vincent De Paul Society |
| July 17 | St. Alphonsa Ward, Bharathy Layout |
| July 24 | St. Christopher Association |
| July 31 | St. Xavier's Ward |
| August 7 | St. Thomas' Ward, Bhavani Nagar & Altar Boys |
| August 14 | St. Paul's Ward, Chikkadugodi |
| August 21 | St. Chavara Ward, Maruthinagar |
| August 28 | St. Mary's Ward, Thavarakere |
| September 4 | Don Bosco Ward, Madiwala |
| September 11 | Mathruvedi |
| September 18 | Legion of Mary & Senior Citizen Forum |
| September 25 | Sacred Heart Ward, J. P. Nagar |
| September 2 | St. Johns Ward |
| October 9 | Santhome Professional Forum |
| October 16 | St. Sebastian's Ward |
| October 23 | St. Thomas Youth |
| October 30 | St. George's Ward, Wilson Garden |
| November 6 | St.Joseph's Ward, Lakkasandra |
| November 13 | Infant Jesus' Ward, Jayanagar |
| November 20 | Santhome Choir |
| November 27 | St. Joseph's Ward, Adugodi; St. Francis Assisi Ward, Balaji Nagar |
| December 4 | Pithruvedi |
| December 11 | St. Chavara Association |
| December 18 | Kidzee Angels Nest, STARTT |

## തിരുഹൃദയ തിരുനാൾ

ജൂൺ 19–ാം തീയതി ഞായറാഴ്ച ധർമ്മാരാമിൽ തിരുഹൃദയ തിരുനാൾ ആഘോഷിച്ചു. ധർമ്മാരാം ചാപ്പലിൽ രാവിലെ 9.30 ന് തിരുനാൾ കുർബാനയും, വചനസന്ദേശവും, അതിനുശേഷം ദിവ്യകാരുണ്യ പ്രദക്ഷിണവും ഉണ്ടായിരുന്നു.

## ദീപികയുടെ 130–ാം വാർഷികാഘോഷവും മഹത്വ്യക്തികളെ ആദരിക്കലും

മലയാളത്തിലെ പ്രഥമദിനപത്രമായ ദീപികയുടെ 130–ാം വാർഷികാഘോഷവും മഹത്വ്യക്തികളെ ആദരിക്കലും ജൂൺ 19–ാം തിയതി ഉച്ചതിരിഞ്ഞ് 5 മണിക്ക് പാരീഷ് ഹാളിൽവച്ച് നടക്കുകയുണ്ടായി. മത–രാഷ്ട്രീയ– സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്ത വാർഷികാഘോഷത്തിൽ മാർ ആന്റണി കരിയിൽ അധ്യക്ഷനായിരുന്നു. സമൂഹത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ചില വ്യക്തികളെ ചടങ്ങിൽ ആദരിച്ചു. ബംഗളൂരുവിലെ മലയാളികൾക്ക് വായിക്കാനും എന്നും സൂക്ഷിക്കുവാനുമായി ദീപികയുടെ സുവനീർ ചടങ്ങിൽ പ്രകാശനം ചെയ്തു. തുടർന്ന് സാന്തോം കലാവേദിയുടെ നേതൃത്വത്തിൽ 'പ്രയാണം–എ ജേർണി ത്രൂ ടാലെന്റ്സ്' എന്ന സംഗീതനൃത്തപരിപാടിയും അരങ്ങേറി. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.



## Catechism

നമ്മുടെ ഇടവകയിലെ മതബോധന അദ്ധ്യാപകർക്കായുള്ള റിട്രീറ്റും ഓറിയന്റേഷനും 2016 മേയ് 21, 22 തിയതികളിൽ നടത്തപ്പെട്ടു. 21 ന് ബഹുമാനപ്പെട്ട റോബി വടാന അച്ചൻ റിട്രീറ്റ് നയിച്ചു. 22-ാം തിയതി ശ്രീ. ആന്റണി സഹായരാജ് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് നടന്ന ഓറിയന്റേഷൻ മീറ്റിംഗിൽ ബഹുമാനപ്പെട്ട വികാരിയച്ചൻ പുതിയതായി നിയമിക്കപ്പെട്ട ഡയറക്ടർ, ബഹു. ഫാ. റോബി വടാന അച്ചനെ പരിചയപ്പെടുത്തുകയും പൂച്ചെണ്ടു നൽകി സ്വീകരിക്കുകയും ചെയ്തു. അതൊടൊപ്പം തന്നെ പുതിയ വൈസ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ടിരിക്കുന്ന ശ്രീമതി ദീപാ ജോർജ്ജ് (ഹൈസ്കൂൾ സെക്ഷൻ) ശ്രീ. ജോർജ്ജ് ജോസഫ് (യൂപി സെക്ഷൻ) ശ്രീമതി ബീനാ വർക്കി (എൽപി സെക്ഷൻ) എന്നിവരെ പരിചയപ്പെടുത്തുകയും അവരെയും പൂച്ചെണ്ടു നൽകി സ്വീകരിക്കുകയും ചെയ്തു. തുടർന്ന് പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള ഇയർപ്ലാൻ പ്രിൻസിപ്പൽ ശ്രീ. ജോയി കോട്ടയ്ക്കൽ അവതരിപ്പിച്ചു. തുടർന്ന് വൈസ് പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ ടീച്ചേർസ് പുതിയ വർഷത്തേയ്ക്കുള്ള പ്രവർത്തങ്ങൾ ചർച്ചചെയ്ത് വേണ്ട തീരുമാനങ്ങൾ കൈകൊണ്ടു.

രൂപതാ തലത്തിൽ മതബോധന അദ്ധ്യാപകർക്കായുള്ള ഓറിയെന്റേഷൻ 2016 മേയ് 28, 29 തിയതികളിൽ നടന്നു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി ബഹു. ജോണി വടക്കൻ അച്ചൻ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.



2016 മേയ് 29ന് വൈകുന്നേരം മണ്ഡ്യ രൂപതയുടെ അവാർഡ് ഡേ നമ്മുടെ പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. ബിഷപ്പ് മാർ ആന്റണി കരിയിൽ മുഖ്യാഥിതിയായിരുന്നു.




നമ്മുടെ ഇടവകയിൽ സൺഡേസ്കൂൾ പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം 2016 ജൂൺ 5 ന് ബഹുമാനപ്പെട്ട വികാരി, റവ. ഫാ. തോമസ് കല്ലുകളം നിർവഹിച്ചു. തഥവസരത്തിൽ മതബോധനത്തിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. റോബി വടാന അച്ചനെ വികാരിയച്ചൻ പരിചയപ്പെടുത്തുകയും പൂച്ചെണ്ടു നൽകി സ്വീകരിക്കുകയും ചെയ്തു. ഈ അദ്ധ്യയന വർഷത്തിൽ പുതിയതായി നിയമിക്കപ്പെട്ടിരിക്കുന്ന വൈസ് പ്രിൻസിപ്പൽമാരായ, ശ്രീമതി ദീപാ ജോർജ്ജ്, ശ്രീ. ജോർജ്ജ് ജോസഫ്, ശ്രീമതി ബീനാ വർക്കി എന്നിവരെയും പുതുതായി ചേർന്നിരിക്കുന്ന ടീച്ചേർസിനേയും അനുമോദിച്ചു. തുടർന്നു നടന്ന ദിവ്യബലിയിൽ അദ്ധ്യാപകരുടെയും, മാതാപിതാക്കളുടെയും കുട്ടികളുടെയും പ്രതിനിധികൾ കഴ്ചസമർപ്പണത്തിൽ പങ്കെടുത്തു. കഴിഞ്ഞവർഷം ഡയറക്ടറായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജെഫ്ഷോൺ അച്ചനെ ദിവ്യബലി മദ്ധ്യേ ആദരിക്കുകയും നന്ദിസൂചകമായി പൂച്ചെണ്ടു നൽകുകയും ചെയ്തു.









## Catechism PTA - General Body Meeting



Catechism PTA - General Body Meeting, June 26 –ാം തിയതി 9 മണിയുടെ ദിവ്യബലിക്കുശേഷം പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് കൂടുകയുണ്ടായി. മീറ്റിംഗിൽ 2016–17 വർഷത്തെ പി.ടി.എ. പ്രതിനിധികളെ തെരഞ്ഞെടുത്തു. PTA പ്രസിഡന്റായി അഡ്വ. ബേബി ജോർജ്ജ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

## ദുക്റാന തിരുനാൾ

ജൂലൈ 3-ാം തിയതി, ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ ഇടവകമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിക്കുകയാണ്. രാവിലെ 10.30 ന് ആഘോഷമായ റാസകുർബാന ഉണ്ടായിരിക്കും. ജൂലൈ 3 പ്രിയ ബഹുമാനപ്പെട്ട വികാരി തോമസ് കല്ലുകളം അച്ചന്റെ നാമഹേതുക തിരുന്നാൾ കൂടിയാണ്.

ജൂലൈ 3–ാം തിയതി ഞായറാഴ്ച മാർ ആന്റണി കരിയിൽ പിതാവ് നമ്മുടെ ഇടവക സന്ദർശിക്കുന്നു. വിവിധ സംഘടനാഭാരവാഹികളുമായും, വേദപാഠവിദ്യാർത്ഥികളുമായും, പാരീഷ് കൗൺസിൽ അംഗങ്ങളുമായും, മതബോധന–സ്റ്റാർട്ട് പ്രതിനിധികളുമായും പിതാവ് കൂടിക്കാഴ്ച നടത്തുന്നതാണ്.

## വിദ്യാഭ്യാസ അവാർഡ്ദാന സമ്മേളനം

2015–16 അദ്ധ്യയനവർഷത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽനിന്ന് 80 ശതമാനത്തിലധികം മാർക്കോടെ ഉന്നതവിജയം കരസ്ഥമാക്കിയ മൺഡ്യ രൂപതാംഗങ്ങളായ വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കായി രൂപതയുടെ വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള സ്റ്റാർട്ട് പരിശീലനകേന്ദ്രവും രൂപതാ മതബോധനവിഭാഗവും സംയുക്തമായി അനുമോദന സമ്മേളനം ജൂലൈ 3 ന് വൈകുന്നേരം 3 മണി മുതൽ 6 മണി വരെ ധർമ്മാരാം, സെന്റ് തോമസ് ഫൊറോനാ ദേവാലയത്തിലെ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു. ചടങ്ങിൽ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ മുഖ്യാതിഥിയായിരിക്കും. സമ്മേളനത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും പ്രശംസാപത്രവും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കായി രൂപതയുടെ പ്രത്യേക പുരസ്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭവന വെഞ്ചരിപ്പ്

ഇടവകയിൽ വർഷംതോറും നടത്താറുള്ള ഭവനവെഞ്ചരിപ്പ് വാർഡ് അടിസ്ഥാനത്തിൽ ജൂലൈ 4–ാം തിയതി ആരംഭിക്കുന്നു. ഇടവകാതിർത്തിയിൽ താമസിക്കുന്ന, ഇടവകയിൽ ചേർന്നിട്ടില്ലാത്തവർ എത്രയും വേഗം ചേരുകയും വാർഡ് കൗൺസിലേഴ്സിന്റെ കയ്യിൽ പേര് വിവരം കൊടുക്കേണ്ടതുമാണ്. വീടുവെഞ്ചിരിപ്പിന് ആവശ്യമായ സജ്ജീകരണങ്ങൾ വാർഡ് കൗൺസിലേഴ്സ് ബഹുമാനപ്പെട്ട വികാരിയച്ചനെ നേരിൽ കണ്ട് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. വീട് വെഞ്ചിരിപ്പിനോടനുബന്ധിച്ച്, ഫാമിലി റെക്കോർഡിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും വാർഷിക വരിസംഖ്യ കുടിശികയുള്ളവർ അടച്ച് തീർക്കേണ്ടതുമാണ്. താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും ഭവനവെഞ്ചരിപ്പ് നടക്കുക.


In Loving Memory of

Kochuparambil Elikutty 11-07-2014

Kochuparambil Ulahannan 09-07-2015



Sorrowing Family Members
Jose, Valsamma, Baby, Rajan, Tarson, Johnson, Sunny

In Loving Memory of our dear Dad
2nd Death Anniversary



Paul Thekkan
05 June 1950 - 04 July 2014
To the world you were but ONE,
But to us who knew and loved you,
YOU were the WORLD
A tribute of love from family

## HOUSE BLESSING – 2016

Monday to Friday – 6.30 pm onwards

| Name of the Ward | Date |
|---|---|
| 1. Holy Trinity Ward | July – 4, 5 |
| 2. St. Joseph's, Lakkasandra | July – 6 |
| 3. Holy Family, S.G. Palaya | July – 7, 8, 19 |
| 4. St. Thomas, Bhavani Nagar | July – 20, 21 |
| 5. St. Alphonsa, Bharathy Layout | July – 22, 25 |
| 6. St. Francis, Balaji Nagar | July – 26, 27 |
| 7. St. Xaviers, S.G. Palaya | July – 28, 29, Aug 1, 2, 3 |
| 8. Don Bosco, Old Madiwala | Aug – 4 |
| 9. St. Sebastian's, S.G. Palaya | Aug – 5, 9, 10 |
| 10. Sacred Heart Ward, J P Nagar | Aug – 11, 12 |
| 11. Infant Jesus, Jaya Nagar | Aug – 16 |
| 12. St. Paul's, Chickadugodi | Aug – 17, 18 |
| 13. St. John's Quarters | Aug – 19 |
| 14. St. Mary's, Thavarakere | Aug – 22, 23 |
| 15. St. Chavara Ward, Maruthi Nagar | Aug – 24, 25 |
| 16. St. George, Wilson Garden | Aug – 26 |
| 17. St. Joseph's, Adugodi | Aug – 29 |
| 18. St. Judes, BTM Layout | Aug – 30, 31, Sept 1 |

*(Dates are subject to change)*

## Marriage Preparation Course (MPC)

അടുത്ത Marriage Preparation Course, July 8, 9, 10 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും പാരീഷ് വെബ് സൈറ്റ് കാണുക.

## Bible Quiz Correct Answers

1. പാർപ്പിച്ചു (39:10)
2. ഏല്പിക്കപ്പെടുകതന്നെ ചെയ്യും (34:3)
3. കൃപ കണ്ടെത്തി (31:2)
4. വെളിയിൽ കിടക്കും (36:30)
5. ചങ്ങല (40:4)
6. വീണ്ടുകൊടുത്തു (35:2)
7. പകരം വീട്ടുകയും ചെയ്യും (32:18)
8. അനന്തമാണ് (33:11)
9. എന്നെ തിരിച്ചയക്കരുതേ (37:20)
10. ക്രോധം (36:7)
11. ഞാൻ നിനക്കു വെളിപ്പെടുത്തും (33:3)
12. മരിക്കും (38:2)
13. ആൺ സന്തതി (11:19)
14. വിലാപം (31:11)
15. കർത്താവിന്റെ വാക്ക് (38:20)

## Bible Quiz

### കഴിഞ്ഞ ലക്കം വിജയികൾ

**I Prize -Shiny Shajan**
St. Sebastian's ward

**II Prize -Trisha P. Jijo**
St. Sebastian Ward

**III Prize- Saumiya Siby**
St. Thomas Ward

## 42-ാം വിവാഹവാർഷികം



സോഫി തോമസ് തോമസ് മൈലാഡൂർ

ആശംസകളോടെ,
അഞ്ജു, വിനയ്, പ്രാർത്ഥന,അരുൺ, മിലി

## 10th Wedding Anniversary



V. T. Sebastian & Sunitha Sebastian

Loving Wishes from
Sandra Reethu Sebastian

# എഴുമാത്ത ബൈബിൾ ക്വിസ്




## ജെറമിയ 21-30 (Jermiah 31-40)

1. സ്വന്തമായി ഒന്നുമില്ലാതിരുന്ന കുറെ ദരിദ്രരെ യൂദാ ദേശത്തുതന്നെ എന്തുചെയ്തു?
2. ബാറൂക്കിന്റെ പിതാവാരായിരുന്നു?
3. വാളിനെ അതിജീവിച്ച ജനം മരുഭൂമിയിൽ എന്തു കണ്ടെത്തി?
4. അവന്റെ മൃതശരീരം പകലത്തെ വെയിലും രാത്രിയിലെ മഞ്ഞും ഏറ്റു എവിടെ കിടക്കും?
5. ഇതാ നിന്റെ കൈകളിൽനിന്നും ഞാൻ എന്താണ് അഴിച്ചുമാറ്റുന്നത്?
6. കർത്താവിന്റെ ആലയത്തിലെ ഒരു മുറിയിൽ കൂട്ടികൊണ്ടുവന്ന് അവർക്കു ഞാൻ എന്തുകൊടുത്തു?
7. പിതാക്കന്മാരുടെ അകൃത്യത്തിന് മക്കളോടു എന്തുചെയ്യുന്നു?
8. കർത്താവിനെ സ്തുതിക്കുവിൻ അവിടുന്നു നല്ലവനാണ്. അവിടുത്തെ കാരുണ്യമോ?
9. ഞാൻ മരിച്ചു പോകാതിരിക്കാൻ കാര്യവിചാരകനായ യോനാഥന്റെ ഭവനത്തിലേക്കു എന്തു ചെയ്യണം?
10. ഈ ഭവനത്തിന്റെമേൽ നിപതിക്കുമെന്ന് കർത്താവ് പ്രഖ്യാപിച്ചിരിക്കുന്ന എന്താണ് വലുതാണ് എന്നു പറഞ്ഞത്?
11. നിന്റെ ബുദ്ധിക്കതീതമായ മഹത്വവും നിഗൂഢവുമായ കാര്യങ്ങൾ എന്തുചെയ്യും?
12. ഈ നഗരത്തിൽ വസിക്കുന്നവരെല്ലാം വാളും ക്ഷാമവും പകർച്ചവ്യാധിയും വഴി എന്താകും?
13. എന്റെ സന്നിധിയിൽ ശുശ്രൂഷ ചെയ്യാൻ റക്കാബിന്റെ മകൻ യോനാഥന് എന്താണ് അറ്റുപോകാത്തത്?
14. യുവാക്കളും വൃദ്ധരും സന്തോഷചിത്തരാകും. ഞാൻ അവരുടെ എന്താണ് ആഹ്ലാദമാക്കി മാറ്റുന്നത്??
15. നിന്നെ അവർക്ക് ഏല്പിച്ചുകൊടുക്കുകയില്ല. ഞാൻ നിന്നോടു പറയുന്ന എന്താണ് കേൾക്കേണ്ടത്?

1. What did Nebuzaradan , the captain of the guard, do for the poor people left in Judah?
2. Who was Baruch's father?
3. What did the people who survived the sword find in the wilderness?
4. Where did the Lord say the dead body of King Jehoiakim of Judah would lie?
5. “I have released you today from the _________ on your hands.”
6. “.. bring them to the house of the Lord, into one of the chambers; then offer them _______ .”
7. What does the Lord do to the children of guilty parents?
8. “Give thanks to the Lord of hosts, for the Lord is good, for His steadfast love ____________ .”
9. What was Jeremiah's plea to King Zedekiah?
10. “..and that all of them will turn from their evil ways, for great is the _______ and wrath that the Lord has pronounced against this people.”
11. “ Call to me and I will answer you, and will tell you ______________ .”
12. What did Jeremiah say will happen to the people who remain in the city?
13. “Jonadab son of Rechab shall not lack a __________ to stand before me for all time.”
14. “ Then shall the young women rejoice in the dance, and the young men and the old shall be merry. I will turn their ______ into joy.”
15. “ ..Just obey __________ in what I say to you, and it shall go well with you “

## നിബന്ധനകൾ

1. 2016 ജൂലൈ 15-നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കൂടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 500 രൂപയും രണ്ടാം സമ്മാനം 300 രൂപയും മൂന്നാം സമ്മാനം 200 രൂപയും നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## 6th Death Anniversary



**P. P. Johny**
13 - 07 - 2010


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
THE ART OF FINE CATERERS
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com